# പടവുകൾ



ലിറ്റിൽ കൈറ്റ്സ് 2018-19

ഡി.വി.എൻ.എസ്.എസ്
ഹയർ സെക്കണ്ടറി സ്കൂൾ, പൂവറ്റൂർ

# ആമുഖം

മലയാളം എന്നത് ഒരു ഭാഷ മാത്രമല്ല അത് സംസ്കാരവും കൂടിയാണ്.അത് മണ്ണാണ് മനുഷ്യ സ്നേഹമാണ് . നാട് എന്ന ബോധമാണ്.വെറും എഴുത്തുഭാഷയോ സംസാരഭാഷയോ അല്ല.അത് സ്നേഹത്തിന്റെ ഭാഷ ആണ്.കേരളം എന്ന ഒരു തുരുത്തിൽ പച്ചപിടിച്ചു നിൽക്കുന്ന ജീവരാശികളുടെ ഹൃദയമിടുപ്പ് ആ ഭാഷ ആകുന്നു.കംപ്യൂട്ടറിലും മലയാളം ഉപയോഗിക്കാം എന്നത്തിനു ഉത്തമഉദാഹരണം ആണ് ഈ മാഗസിൻ.കുട്ടികളുടെ സാഹിത്യപരമായ കഴിവുകൾ കോർത്തിണക്കി കൊണ്ട് തയാറാക്കിയ കൈറ്റിന്റെ ഈ മാഗസിൻ പ്രകാശനം ചെയ്യുന്നു.

# ആശംസ

അക്ഷരങ്ങളുടെ ലോകത്ത് നിന്നും അറിവിന്റെ കെടാവിളക്കിലേക്ക് പ്രകാശം പരത്തുവാൻ സ്വന്തം കലാസൃഷ്ഠികൾ കോർത്തിണക്കിയ കൈറ്റിന്റെ എല്ലാ കുഞ്ഞുങ്ങൾക്കും എന്റെ ഹൃദയം നിറഞ്ഞ ഒരായിരം ആശംസകൾ

സ്നേഹപൂർവ്വം

മായകുമാരി (ഹെഡ്മിസ്ട്രസ് )

# ഉള്ളടക്കം


൧. സി.വി.രാമൻ ........ 1
൨. ജീവലോകത്തിലെ വിദഗ്ധർ ........ 2
൩. ചെറിയ വലിയ കണ്ടുപിടുത്തങ്ങൾ ........ 4
൪. സന്യാസിയും കർഷകനും ........ 5
൫. കുഞ്ഞാറ്റയുടെ സ്വർണ്ണമാല ........ 7
൬. നല്ല ഇടയൻ ........ 8
൭. പൂമ്പാറ്റ ........ 9
൮. ഭൂമീ ദേവി ........ 10
൯. കാടെവിടെ മക്കളേ ........ 11
൧൦. മലയാള കവിതയിലെ മഹത്തായ വരികൾ ........ 12
൧൧. അത്യാഗ്രഹിയായ രാമു ........ 15
൧൨. കണക്കിലെ കളികൾ ........ 16
൧൩. ചോദ്യോത്തരങ്ങൾ ........ 17
൧൪. നോവലുകൾ-ക്വിസ് ........ 18



# സി.വി.രാമൻ

1888 നവംബർ 7 ന് തിരുച്ചിറപ്പള്ളിയിൽ ചന്ദ്രശേഖര അയ്യരുടേയും പാർവതി അമ്മാളുടേയും മകനായി ജനിച്ചു. അദ്ദേഹത്തിൻറെ മുഴുവൻ പേര് ചന്ദ്രശേഖര വെങ്കിട്ടരാമൻ എന്നാണ്. പതിനാലാം വയസ്സിൽ ബി.എ പഠനം പൂർത്തിയാക്കി. 1907ൽ വിവാഹിതനായി. അദ്ദേഹം 1917ൽ ഫിസിക്സ് പ്രൊഫസറായി കൊൽക്കത്ത സർവകലാശാലയിൽ ജോലി നേടി. 1930ൽ രാമൻ അന്തരിച്ചു.

# ജീവലോകത്തിലെ വിദഗ്ധർ

## ജീവലോകത്തിലെ കർഷകസഹായികൾ

## മണ്ണിര



താമസിക്കുന്നിടത്തെ മേൽമണ്ണ് ഉഴുതു മറിക്കുന്ന മണ്ണിരകൾ മണ്ണിനെ ഫലഫൂവിഷ്ടമാകുന്നു.കർഷകന്റെ കലപ്പ എന്നും അറിയപ്പെടുന്ന മണ്ണിര മണ്ണിനെ സ്വന്തം ദഹനവ്യവസ്ഥയിലൂടെ കടത്തിവിട്ടാണ് അതിനെ ന്യൂട്രിയന്റ് റിച്ച് ആക്കുന്നത്.

## നൈട്രജൻ നൽകും ബാക്ടീരിയ




അന്തരീക്ഷത്തിലെ നൈട്രജനെ നേരിട്ടു വലിച്ചെടുക്കാനാവില്ല.നൈട്രോജനില്ലാതെ ചെടികൾക്ക് വളരാനുമാകില്ല.വേരിനോട് ചേർന്നും അല്ലാതെയും വളരുന്ന ചില ബാക്ടീരിയകൾ നൈട്രജൻ പിടിച്ചെടുത്തു വരുന്നു നല്കുന്നു.റൈസോബിയം

സോസ്പൈറില്ലം,സയനോബാക്ടീരിയ തുടങ്ങിയവ

ഉദാഹരണങ്ങൾ ആണ്.



## ജീവലോകത്തെ ഡോക്ടർമാർ

## ദന്ത ഡോക്ടർമാർ

മുതലയുടെ ദന്തഡോക്ടർ എന്നറിയപ്പെടുന്ന ചെറു പക്ഷികളാണ് പ്ലവർ ബേർഡ്സ് ഇവാ അടുത്തെത്തുമ്പോഴെ മുതലകൾ വായ തുറന്നു കൊടുക്കും.അപ്പോൾ ഇവ മുതലയുടെ വായിലിരുന്നു

മോണ,പല്ലുകൾ,നാവ് എന്നിവ ക്ളീൻ ചെയ്തു

കൊടുക്കും.പല്ലുകൾക്കിടയിലെ ചെറുകൃമികളും മാംസാഹാരവും ഭക്ഷണമാകുകയാണ് ഇവ ചെയ്യുന്നത്.

# ജീവലോകത്തിലെ നർത്തകർ, മയിൽ പോലൊരു എട്ടുകാലി!



മയിലിന്റെ തൂവലുപോലുള്ള മനോഹരമായ നിറങ്ങളിലുള്ള രോമങ്ങളാണ്പീക്ക്കോക്ക് സ്പൈഡറുടെ പ്രത്യേകത.ച്ഛതകരാണ് എട്ടുകാലിയുടെ കൂട്ടത്തിൽ പെട്ട ഇവൻ ഉദാരഭാഗം ഇളക്കുകയും മുൻകാലുകൾ ഉയർത്തിയും നൃത്തം ചെയ്തു കൂത്തുകാരിയെ ആകർഷിക്കും.

# ക്ലാർക്സ്ഗ്രിബിന്റെ സംഘനൃത്തം!

വടക്കേ അമേരിക്കയിലെ ഒരു ജലപക്ഷി ആണ് ക്ലാർക്സ് ഗ്രിബ്.മറ്റ് നൃത്തക്കാരിൽ നിന്ന് വ്യത്യസ്തമായി സംഘനൃത്തം ചെയ്യുന്നവരാണ് ഈ കൂട്ടർ. ആൺ-പെൺ പക്ഷികൾ ചേർന്നുനിന്ന് അതിമനോഹരമായി നൃത്തം ചെയ്യും.




# ചെറിയ വലിയ കണ്ടുപിടുത്തങ്ങൾ

## ബലൂൺ




മൈക്കൽ ഫാരഡെ എന്ന് കേട്ടാൽ നമ്മൾ ഉടനെ പറയും, 'വൈദ്യുതിയുടെ പിതാവ് ' .എന്നാൽ നമുക്കെല്ലാം ഇഷ്ടമുള്ള ബലൂണുകൾ കണ്ടെത്തിയതുംമൈക്കൽ ഫാരഡെ തന്നെയാണ്.രസതന്ത്രത്തിലായിരുന്നു ഫാരഡെയുടെ ഗവേഷണം ഹൈഡ്രജൻ വാതകത്തിന്റെ പ്രത്യേകതകളെക്കുറിച്ചു പഠിക്കാൻ വേണ്ടിയാണ് അദ്ദേഹംആദ്യത്തെ റബ്ബർ ബലൂൺ ഉണ്ടാക്കിയത്.1824-ൽ ആയിരുന്നു ഇത്.അതിനു മുമ്പ് ബലൂണുക്കൾ ഉണ്ടാക്കിയിരുന്നത് മൃഗങ്ങളുടെ കുടലിൽ നിന്നായിരുന്നു.എന്നാൽ ഫാരഡെയുടെ ബലൂണുകൾ അവയെ അപേക്ഷിച്ചു നോക്കുമ്പോൾ ഗുണമേന്മയുള്ളവയായിരുന്നു.

## സോഡാ വാട്ടർ




1771 -ലാണ് ആദ്യമായി  സോഡാ വാട്ടർ സൃഷ്ഠിക്കുന്നത്.ചെറിയ കുപ്പികളിൽ വെള്ളം നിറച്ച ശേഷം അതിലേക്കു കാർബൺ ഡൈ ഓക്സൈഡ് വാതകം കുത്തിവച്ചായിരുന്നു സോഡാ വാട്ടർ ആദ്യമായി ഉണ്ടാക്കിയത് .ഈ കണ്ടുപിടുത്തം നടത്തിയത് പ്രശസ്ത ശാസ്ത്രജ്ഞൻ ജോസഫ് പ്രീസ്റ്റ്ലി ആണ്.

## പാൽപ്പൊടി




പാൽപ്പൊടി നിർമ്മിച്ചത് റഷ്യൻ ഡോക്ടറായിരുന്ന ഒസിപ് ക്രിച്ചെവിസ്കി  ആണ്. പാൽ തിളപ്പിച്ചു ജലാംശം കളഞ്ഞാണ് ഇദ്ദേഹം പാൽപ്പൊടി ഉണ്ടാക്കിയത് .

## സേഫ്റ്റി പിൻ



1849-ൽ വാൾട്ടർ ഹണ്ട് എന്ന അമേരിക്കക്കാരനാണ് ആധുനിക രീതിയിലുള്ള  സേഫ്റ്റി പിൻ കണ്ടുപിടിച്ചത്.വെറും 15 ഡോളറിന്റെ കടം വീട്ടാനായി നടത്തിയ ഈ കണ്ടുപിടുത്തം 400 ഡോളറിന് അദ്ദേഹം തന്റെ സുഹൃത്തിനു വിറ്റു.

# സന്യാസിയും കർഷകനും

ഉത്തരേന്ത്യയിൽ പണ്ട് ഒരു കർഷകൻ ഉണ്ടായിരുന്നു. വലിയ ദൈവവിശ്വാസിയായിരുന്നു. അയാൾ ഒരിക്കൽ തൻറെ കാളവണ്ടി നിറയെ വൈക്കോൽ നിറച്ച് അത് വിൽക്കാനായി അയാൾ ചന്തയിലേക്ക് പോയി.

ദൂരെ പട്ടണത്തിലായിരുന്നു ചന്ത. വഴിയാണെങ്കിൽ കുണ്ടും കുഴിയും നിറഞ്ഞതായിരുന്നു. കുറേ ചെന്നപ്പോൾ കാളവണ്ടിയുടെ ചക്രങ്ങൾ ചെളിയിൽ പൂണ്ടു . വൈക്കോൽ കുത്തി നിറച്ചത് കൊണ്ട് നല്ല ഭാരമുണ്ടായിരുന്നു. അതുകൊണ്ട് വണ്ടി വലിക്കാൻ ആവാതെ കാളകൾ വട്ടം കറങ്ങി.

കർഷകന് ദേഷ്യവും സങ്കടവുമെല്ലാം വന്നു. അയാൾ കാളകളെ അടിച്ചു നോക്കി. പക്ഷേ കുറെക്കൂടി ചെളിയിൽ താഴുന്നത് അല്ലാതെ വണ്ടി അൽപംപോലും മുന്നോട്ടുപോയില്ല. വിജനമായ പ്രദേശമായിരുന്നു അത്. സഹായത്തിന് ആരെയും കിട്ടാതെ അയാൾ വിഷമിച്ചു. ഒടുവിൽ അയാൾ ദൈവത്തെ വിളിച്ച് തന്നെ രക്ഷിക്കണമെന്ന് അപേക്ഷിച്ചു. കുറേനേരം അപേക്ഷിച്ചിട്ടും കാര്യമുണ്ടായില്ല. ദേഷ്യം വന്ന അയാൾ തന്നെ ഇങ്ങനെ കഷ്ടപ്പെടുത്തുന്നതിന് ദൈവത്തെ ശപിക്കാൻ തുടങ്ങി.

അപ്പോഴാണ് ഒരു സന്യാസി അവിടെ എത്തിയത്. ദൈവത്തെ ശകാരിക്കുന്ന കർഷകനോട് ശാന്തനായിരിക്കാൻ ആംഗ്യം കാണിച്ച് അദ്ദേഹം പറഞ്ഞു." ഞാൻ നിങ്ങളെ സഹായിക്കാം ആദ്യം വണ്ടിക്കകത്തെ വൈക്കോൽ കുറേശ്ശെയായി എടുത്ത് ചെളി ഇല്ലാത്തിടത്ത് കൊണ്ടുവയ്ക്കു......"

സന്യാസിയുടെ സഹായം കിട്ടാതെ പോകരുതല്ലോ. കർഷകൻ അദ്ദേഹം പറഞ്ഞത് അനുസരിച്ചു. അപ്പോൾ സന്യാസി പറഞ്ഞു" ഇനി ചക്രത്തിലും അച്ചാണിയിലും പറ്റിയ ചെളിയെല്ലാം എടുത്ത് മാറ്റൂ.." പ്രയാസപ്പെട്ടാണെങ്കിലും കഴിയാവുന്നിടത്തോളം ചെളി എടുത്തുമാറ്റി. എന്നിട്ട് സന്യാസി നിർദ്ദേശിച്ചതനുസരിച്ച് ചക്രത്തിൽ കുറേ കല്ലുകൾ കൊണ്ടിട്ടു

"ഇനി വണ്ടിയിൽ കയറി കാളകളെ തെളിക്കു." സന്യാസി ആവശ്യപ്പെട്ടു.

കർഷകൻ അങ്ങനെ തന്നെ ചെയ്തു. അൽഭുതം കാളവണ്ടി ചെളിയിൽ നിന്നും പുറത്തിറക്കി." പ്രഭോ... വളരെ നന്ദി ..' കർഷകൻ കൈകൂപ്പിക്കൊണ്ട് പറഞ്ഞു.

" എൻറെ അപേക്ഷ കേട്ടു ദൈവം അയച്ചതാണ് അങ്ങയെ. അല്ലേ....."

സന്യാസി പുഞ്ചിരിയോടെ പറഞ്ഞു." നിങ്ങൾ ഉറക്കെ വിഡ്ഢിത്തം പറയുന്നത് കേട്ട് വന്നതാണ് ഞാൻ വണ്ടി ചെളിയിൽ ആയതിന് ദൈവത്തെ കുറ്റപ്പെടുത്തുകയും പരാതിപ്പെടുകയും ചെയ്യുന്നത് എന്തിനാണ് നീ."കർഷകൻ ഇത് കേട്ട് ചമ്മലോടെ തലതാഴ്ത്തി പോയി.



.

# കുഞ്ഞാറ്റയുടെ സ്വർണ്ണമാല

ഒരിടത്ത് ഒരിടത്ത് കുഞ്ഞാറ്റ എന്ന പേരുള്ള അഞ്ചുവയസ്സുകാരിയായ ഒരു കുട്ടി ഉണ്ടായിരുന്നു. കുഞ്ഞാറ്റയുടെ അച്ഛൻറെ പേര് മാധവൻ അമ്മയുടെ പേര് ശ്രീജ എന്നുമായിരുന്നു. കുഞ്ഞാറ്റയുടെ അമ്മയും അച്ഛനും കൂലിപ്പണിക്കാരനായിരുന്നു. കുഞ്ഞാറ്റയുടെ അച്ഛന് ശമ്പളം കിട്ടിയപ്പോൾ സ്വർണ്ണമാല ഒരെണ്ണം വാങ്ങിക്കൊടുത്തു. ദിവസങ്ങൾ ചിലത് കഴിഞ്ഞു. കുഞ്ഞാറ്റയുടെ അമ്മയ്ക്കും അച്ഛനും ഒരുമാസത്തെ ശമ്പളം കിട്ടിയില്ല. കുഞ്ഞാറ്റയുടെ അച്ഛൻ ഒരു പലിശക്കാരൻറെ കൈയിൽനിന്ന് കടം വാങ്ങിക്കൊണ്ടാണ് വീട്ടിലേക്ക് ഉള്ള സാധനങ്ങൾ വാങ്ങിച്ചത് താത്തയുടെ അച്ഛന് ആയിരം രൂപയാണ് പലിശക്കാരുടെ കൈയിൽനിന്ന് വാങ്ങിയത്. രണ്ടുദിവസം കഴിഞ്ഞ പലിശക്കാരൻ കുഞ്ഞാറ്റയുടെ വീട്ടിൽ ചെന്ന് കടം കൊടുത്ത ആയിരം രൂപ ചോദിച്ചു. അപ്പോൾ കുഞ്ഞാറ്റയുടെ അക്കം പറഞ്ഞു നാളെ കൊടുക്കാമെന്ന്. കുഞ്ഞാറ്റയുടെ അച്ഛന് കുഞ്ഞാറ്റയുടെ കയ്യിൽനിന്ന് സ്വർണ്ണമാല വാങ്ങി പണയം വെച്ചിട്ട് പണം വാങ്ങി പലിശക്കാരനെ കോടത്തു. അന്ന് രാത്രി കുഞ്ഞാറ്റ ഒന്നും കഴിച്ചില്ല. കുഞ്ഞാറ്റയുടെ വിഷമം കണ്ടപ്പോൾ അമ്മയ്ക്കും അച്ഛന് വിഷമം തോന്നി. അടുത്ത ദിവസം തന്നെ കുഞ്ഞാറ്റയുടെ അമ്മയ്ക്ക് അച്ഛനും ശമ്പളം കിട്ടി. കുഞ്ഞാറ്റയുടെ അച്ഛൻ ആ പണംകൊണ്ട് ബാങ്കിൽ അടച്ചു കുഞ്ഞാറ്റയുടെ പണയം വെച്ചിരുന്ന സ്വർണ്ണമാല എടുത്തുകൊടുത്തു. കുഞ്ഞാറ്റയ്ക്ക് സന്തോഷമായി.



# നല്ല ഇടയൻ

ഒരിടത്ത് ഒരിടത്ത് ഒരു ആട്ടിടയൻ ഉണ്ടായിന്നു. ആ ആട്ടിടയന് 100 ആടുകൾ ഉണ്ടായിരുന്നു. ആടുകളെ മേച്ച് തിരിച്ചുപോകുമ്പോൾ 100 ആടുകൾ ഉണ്ടോയെന്ന് എണ്ണുമായിരുന്നു. ഒരുദിവസം ആടുകളെ മേച്ച് തിരിച്ചുവരുമ്പോൾ ആട്ടിടയൻ ആടുകളെ എണ്ണിയപ്പോൾ 99 ആടുകളെ ഉള്ളായിരുന്നു. ഒരു ആടിനെ കാണുന്നില്ല. ആട്ടിടയന് നല്ല വിഷമമായി. ആട്ടിടയൻ 99 ആടുകളെ അവിടെ വിട്ടേച്ച് ആടിനെ അന്വേഷിച്ച് പോയ വഴിയിൽ വെച്ച് ആട് കരയുന്ന ശബ്ദം കേട്ടു. ശബ്ദം കേട്ട ഇടത്തേക്ക് പോയപ്പോൾ ആട് അവിടെ മുള്ളുകൾക്കിടയിൽ കിടക്കുന്നത് കണ്ടു. ആട്ടിടയൻ അടുത്തുചെന്ന് മുള്ളുകൾ മാറ്റി ആടിനെ രക്ഷിച്ചു. അങ്ങനെ സന്തോഷമായി ആട്ടിടയന്.



# കവിത

## പൂമ്പാറ്റ



പാറിപ്പറക്കുന്ന പൂമ്പാറ്റേ

ഏഴഴകുള്ളൊരു പൂമ്പാറ്റേ

തേൻ രുചി തേടിയോ ഈ യാത്ര

വാഴ കുമ്പിളിൽ തേൻ ഉണ്ടല്ലോ

മാടി വിളിച്ചോട്ടെ കൂട്ടുകാരെ

വാനിൽ തത്തിക്കളിക്കും നീ

ആരോടും പറയാതെ പോവരുത്

# ഭൂമീ ദേവി

എൻ കുഞ്ഞു കരങ്ങളാൽ
ഞാൻ അമ്മയെ നോക്കിടാം .
ദേവീ നീ എനിക്ക് നീരു നൽകൂ
സൂര്യനും ചന്ദ്രനും മരങ്ങളും
പുഴകളും ഇവയെല്ലാം നിന്റെയല്ലെ
നീ ഇവയെല്ലാം എനിക്ക് നൽകിയില്ലെ
ഞങ്ങളായ സ്നേഹവും വാത്സല്യവും
നിനക്കായി ഞാൻ തന്നീടുന്നേ
തരൂ.....തരൂ..... എനിക്കു നൽകിടൂ.

ആദിത്യ.ആർ
IX A



# കാടെവിടെ മക്കളേ

കാടെവിടെ മക്കളേ

കൂടെവിടെ മക്കളെ

കേച്ചേരി കാട്ടുപുൽ തകിടിയുടെ വേരെവിടെ മക്കളെ

കാട്ടുപൂവ് പൂഞ്ചോലയുടെ കുളിരെവിടെ മക്കളെ


കാറ്റുകൾ പുലർന്ന പൂങ്കാവ് എവിടെ മക്കളെ

പച്ചപ്പനന്തത്ത  പാടി കളിക്കുന്ന

പ്ലാവുകൾ മാവുകൾ എവിടെ എൻറെ മക്കളെ

കുട്ടിക്കരിംകുയിൽ കൂവിത്തിമിർക്കുന്ന

കുട്ടനാടൻ  പുഞ്ച എവിടെ എൻറെ മക്കളെ



# മലയാള കവിതയിലെ മഹത്തായ വരികൾ

"പ്രത്യുപകാരം മറക്കുന്ന പൂരുഷൻ
ചത്തതിനൊക്കുമേ ജീവിച്ചിരിക്കിലും"

-എഴുത്തച്ഛൻ

"കനകം മൂലം കാമിനി മൂലം
കലഹം പലവിധം ഉലകിൽ സുലഭം"

-കുഞ്ചൻ നമ്പ്യാർ

"അവനവനാത്മസുഖത്തിനാചരിക്കുന്നവ
അപരന്നു സുഖത്തിനായി വരേണം"

-ശ്രീനാരായണഗുരു

"മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ!
മർത്യന് പെറ്റമ്മ തൻ ഭാഷ താൻ"

-വള്ളത്തോൾ നാരായണമേനോൻ

"ബന്ധുര കാഞ്ചനക്കൂട്ടിലാണെങ്കിലും
ബന്ധനം ബന്ധനം തന്നെ പാരിൽ"

-നാലപ്പാട്ട് നാരായണമേനോൻ

"തോരാത്ത കണ്ണീരും കാലമേ നീയൊരു
വാരുറ്റ പുഞ്ചിരിപ്പൂൺപായ് മാറ്റും."

-ഇടശ്ശേരി ഗോവിന്ദൻ നായർ

"വെളിച്ചം ദുഖമാണുണ്ണി
തമസ്സല്ലോ സുഖപ്രദം"

-അക്കിത്തം അച്യുതൻ

നമ്പൂതിരി "കാടെവിടെ മക്കളെ?
മേടെവിടെ മക്കളെ ?
കാട്ടുപുൽത്തകിടിയുടെ
വേരെവിടെ മക്കളെ ?"

-അയ്യപ്പപ്പണിക്കർ

"സീത ദുഃഖം
ഭൂവിൻ ദുഃഖം"

- കാവാലം നാരായണപണിക്കർ

"അമ്മയില്ലാത്തവർക്കേതു വീട്
എല്ലാ വീട്,എങ്ങെങ്ങുമേ വീട്"
-ഡി.വിനയചന്ദ്രൻ

"താൻ താൻ നിരന്തരം ചെയ്യുന്ന കർമങ്ങൾ
താന്താനനുഭവിച്ചീടുകെന്നേ വരു"
-എഴുത്തച്ഛൻ

"മുല്ലപ്പൂമ്പൊടിയേറ്റു കിടക്കും
കല്ലിനുമുണ്ടാം സൗരഭ്യം"
-കുഞ്ചൻ നമ്പ്യാർ

"സ്നേഹമാണഖിലസാരമൂഴിയിൽ "
-കുമാരനാശാൻ

"രാജഗേഹത്തിൽ പിറന്നവളെങ്കിലും
രാജകുമാരി നിരന്തര ദുഖിത"
-പി.കുഞ്ഞിരാമൻ നായർ

"വെറുതെ ഈ മോഹങ്ങളെന്നറിയുമ്പോഴും
വെറുതെ മോഹിക്കുവാൻ മോഹം"
-ഒ.എൻ.വി.കുറുപ്പ്

"കർമമെങ്ങനെ?
കാലമെങ്ങനെ?"
-കുഞ്ഞുണ്ണി മാഷ്

"നീയമ്മ,നീ പത്നി,
നീ പുത്രി,നീ ഭൂമി
നീ ശക്തി,നീയെന്റെ
രക്ത,മെൻ പെങ്ങൾ നീ"
-ഒ.എൻ.വി കുറുപ്പ്

"എത്രയുദാരമീ
"ജീവിതവൃത്തികൾ
എത്തിപിടിച്ചർ നാം ഭാഗ്യശാലികൾ"
-വി.മധുസൂദനൻ നായർ

"ഭൂമി കരയുന്നു
ഭൂതമൊരു ഭാരം!
ഭാവിയോ ഭീകരം!
വർത്തമാനം പാറമദാരുണം
ദുസ്സഹം!"

-കാവാലം നാരായണ പണിക്കർ

# അത്യാഗ്രഹിയായ രാമു

രാമപുരം എന്നപ്രദേശം.ഈപ്രദേശത്ത്ദരിദ്രനായ രണ്ടു മനുഷ്യർ ഉണ്ടായിരുന്നു രാമുവും ദാമുവും. രാമുവും ദാമുവും വീട്ടിലെ പ്രാരാബ്ദങ്ങൾ കൊണ്ട് അങ്ങനെ എല്ലാം കഴിഞ്ഞുപോയിരുന്നു. അങ്ങനെയിരിക്കെ ഇവർ രണ്ടുപേരും കൂടി രാജാവിനെ കാണുന്നതിനായി രാജകൊട്ടാരത്തിൽ പോയി. കാര്യങ്ങളെല്ലാം പറഞ്ഞു. രാജകുമാരൻ ഇവർ രണ്ടുപേർക്കും കൂടി 10ചാക്ക് അരിനൽകി.
അവർ അത് വാങ്ങി സന്തോഷത്തോടെ വീട്ടിൽ പോയി. ദാമു വീട്ടുകാരെ വിളിച്ച് വിരുന്നൊരുക്കി. ദാമു നെല്ല് വയലിൽ വിതച്ച് കാളയെ വാടകയ്ക്ക് എടുത്തു. കുറെ നാളുകൾക്കു ശേഷം അവിടുത്തെ ഏറ്റവും വലിയപണക്കാരനായി. അതിനുശേഷം ദാമു ഒരു വിരുന്നൊരുക്കി.ആ വിരുന്നിൽ പങ്കെടുക്കാൻ രാമുവും വന്നു. എന്നാൽ രാമുവിനെ ആരും ശ്രദ്ധിച്ചിരുന്നില്ല. ദാമുവിനെ എല്ലാരും പുകഴ്ത്തി കൊണ്ടേയിരുന്നു.



# കണക്കിലെ കളികൾ

1 )ശ്രീനാഥ് ഒരു ബാറ്റും ബോളും വാങ്ങി. 110 രൂപയാണ് ആകെ വില. പന്തിനേക്കാൾ 100 രൂപ കൂടുതൽ ആണ് ബാറ്റിനെങ്കിൽ ബാറ്റിന്റെ വില എത്ര ?

ഉത്തരം:ബാറ്റിന്റെ വില 105 രൂപ ബോളിന്റെ വില 5 രൂപ .

2)പൂജ്യം മുതൽ ഒൻപതു വരെയുള്ള സംഖ്യകളുപയോഗിച്ച്ഒന്ന് എന്നുത്തരം കിട്ടുന്ന ഒരു കണക്കുണ്ടാക്കണം.എല്ലാ സംഖ്യയും ഒരു തവണയേ ഉപയോഗിക്കാവു

ഉത്തരം:148/ 296+35/70 =1

3)ഒരു രണ്ടക്ക സംഖ്യ.അതിന്റെ രണ്ടാമത്തെ ആക്കം ഒന്നാമത്തെ അക്കത്തെക്കാൾ 4 കുറവാണ്.അക്കങ്ങളുടെ തുക കൊണ്ട് സംഖ്യയെ ഹരിച്ചാൽ 7 കിട്ടും.സംഖ്യ ഏതാണ്?

ഉത്തരം:84

4)രണ്ടു നിറത്തിലുള്ള സോക്സുകളാണ് പിങ്കുവിനുള്ളത്;നീലയും മഞ്ഞയും.രണ്ടും 30 എണ്ണം വീതമുണ്ട്.ഇവയെല്ലാം അലമാരയിൽ കൂട്ടികലർത്തിയാണ് ഇട്ടിരിക്കുന്നത്.

ഒരു ദിവസം രാത്രി പിങ്കു അലമാരയിൽ സോക്സ് തിരയുകയായിരുന്നു.പെട്ടന്ന് കറന്റ് പോയി. ഒരേ നിറമുള്ള രണ്ടു സോക്സ് കണ്ടുപിടിക്കാൻ പിങ്കുവിനെ സഹായിക്കാമോ?

ഉത്തരം: ഏതങ്കിലും മൂന്നണ്ണം എടുക്കണം അതിൽ രണ്ടെണ്ണം ഒരേ നിറം ആയിരിക്കും.

5)എട്ടു തവണ എട്ടുപയോഗിച്ചു ആയിരം ആകണം കൂട്ടുകയോ കുറയ്ക്കുകയോ ഗുണിക്കുകയോ ഹരിക്കുകയോ ചെയ്യാം ശ്രമിച്ചുനോക്കു

ഉത്തരം:888+88+8+8+8=1000

# ചോദ്യോത്തരങ്ങൾ

1)പ്രകൃതിയുടെ ടോണിക്ക് -ഏത്തപ്പഴം

2)ആപ്പിളിലെ ആസിഡ് -മാലിക് ആസിഡ്

3)എല്ലാ അസിഡിലേയും പൊതു ഘടകം -ഹൈഡ്രജൻ

4)കശുമാങ്ങയുടെ ജന്മദേശം-ബ്രസീൽ

5)ചേനയുടെ ചൊറിച്ചിലിന്നു കാരണമായ രാസവസ്തു-കാൽസ്യം ഓക്സലൈറ്റ്

6)നളചരിതം ആട്ടക്കഥയുടെ കർത്താവ്-ഉണ്ണായി വാര്യർ

7)ഫ്രഞ്ച് വിപ്ലവത്തിന്റെ ശിശു-നെപ്പോളിയൻ

8)ആദ്യ വനിതാ നോബൽ ജേതാവ്-മേരി ക്യൂറി

9)അഗതികളുടെ അമ്മ-മദർ തെരേസ

10)ഭാവിയുടെ ലോഹം -ടൈറ്റാനിയം

11)ഹിറ്റലറുടെ ആത്മകഥ -മെയിൻ കാഫ്

12)തുരിശിന്റെ  രാസനാമം -കോപ്പർ സൾഫേറ്റ്

13)പൂമ്പാറ്റയുടെ കണ്ണിന്റെ എണ്ണം -12000

14)പമ്പയുടെ ദാനം -കുട്ടനാട്




# നോവലുകൾ-ക്വിസ്

1)മലയാളത്തിലെ ആദ്യ ലക്ഷണമൊത്ത നോവൽ ?

ഉത്തരം:ഇന്ദുലേഖ

2)മലയാളത്തിലെ ആദ്യനോവൽ?

ഉത്തരം:കുന്ദലത



3)ഒ ചന്തുമേനോൻന്റെ അപൂർണ നോവൽ?

ഉത്തരം: ശാരദ

4)സി .വി യുടെ സാമൂഹിക നോവൽ ഏതാണ്?

ഉത്തരം:പ്രേമാമൃതം

5)അക്ബർ എന്ന ചരിത്രാഖ്യായികയുടെ കർത്താവ്?

ഉത്തരം:കേരളവർമ വലിയകോയി തമ്പുരാൻ

6)രണ്ടാമൂഴത്തിലെ കേന്ദ്ര കഥാപാത്രം?

ഉത്തരം:ഭീമൻ

7)രാജലക്ഷ്മിയുടെ അപൂർണ നോവൽ?

ഉത്തരം:ഉച്ചവെയിലും ഇളംനിലാവും

8)മലയാളത്തിലെ ദൈർഘ്യമേറിയ നോവൽ?

ഉത്തരം:വിലാസിനിയുടെ അവകാശികൾ

9)ഏറ്റവും കൂടുതൽ അവാർഡുകൾ നേടിയ മലയാള നോവൽ?

ഉത്തരം:അഗ്നിസാക്ഷി

10)എം.ടി വാസുദേവൻ നായരും എൻ.ടി മുഹമ്മദും ചേർന്നെഴുതിയ നോവൽ?

ഉത്തരം: അറബിപൊന്ന്

# നന്ദി

